ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നെടുമങ്ങാട് ഡിപ്പോയിൽ ഒരു ബസ്സ് ടെർമിനൽ-കം- ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. നിലവിലുള്ള ഒരു ഗ്യാരേജ് നിലനിർത്തി ബാക്കിയുള്ള സ്ഥലത്താണ് ഇത് നിർമ്മിക്കുവാനുദ്ദേശിക്കുന്നത്. ഇത് നിലനിർത്താൻ ഉദ്ദേശിക്കുന്ന ഗ്യാരേജി നോടനുബന്ധിച്ച് ഒരു ഇൻസ്പെക്ഷൻ പിറ്റും, വാഷിംഗ് റാമ്പും നിർമ്മിക്കു വാനുള്ള തുക 2010-2011-ലെ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അടിയന്തിരമായി ചെയ്യുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു.

**നെടുമുടി കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷൻ നിർമ്മാണത്തിന് നടപടി**

**251 (4040)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമുടി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണത്തിന് 1987 ജനുവരി 31-ന് അന്നത്തെ ഗതാഗത വകുപ്പുമന്ത്രി ശ്രീ. പി. കെ. വേലായുധൻ സമ്മതപത്രം കൈപ്പറ്റിയിട്ട് പ്രസ്തുത സ്ഥലത്ത് ബസ് സ്റ്റേഷൻ നിർമ്മാണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പൗര സമിതി തുക പിരിച്ചു വകുപ്പിന് വാങ്ങി നൽകിയ ഭൂമി ഇപ്പോഴും പഴയ ഉടമ തന്നെ കൈവശം വച്ച് അനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലത്ത് ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

**മലപ്പുറം കെ. എസ്. ആർ. ടി. സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടി**

**252 (4041)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണോദ്ഘാടനം, 2009 ജൂണിൽ നടത്തുമെന്ന് പ്രഖ്യാപിച്ചിട്ട് അതിൽ നിന്നും പിന്നോക്കം പോകാനുണ്ടായ സാഹചര്യമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം എന്നത്തേയ്ക്ക് നടത്താൻ കഴിയുമെന്നും അതിനായി, സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) ജില്ലാ ആസ്ഥാനത്തുള്ള കെ.എസ്.ആർ.ടി.സി.യുടെ പ്രസ്തുത സബ്ഡിപ്പോ, ജില്ലാ ഡിപ്പോയാക്കി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മലപ്പുറം കെ. എസ്. ആർ. ടി. സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് ബി. ഒ. ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനു വേണ്ടി KTDFC revised administrative sanction-ന് വേണ്ടി revised estimate സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. സർക്കാർ, മൂന്ന് (3) ചീഫ് എഞ്ചിനീയർമാർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുകയും, ഇപ്പോൾ ആ കമ്മിറ്റി എസ്റ്റിമേറ്റിന്റെ പരിശോധന നടത്തിക്കൊണ്ടിരിക്കുകയുമാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതും നിർമ്മാണം ആരംഭിക്കുന്നതുമാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ്**

**253 (4042)** ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിന്റെ നഷ്ടപരിഹാര തുക നൽകാത്തതുമൂലം കെ.എസ്.ആർ.ടി.സി.യുടെ എത്ര ബസ്സുകൾ ജപ്തി ചെയ്യപ്പെട്ടിട്ടുണ്ട് ; വിശദാംശങ്ങൾ ഡിപ്പോ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി. സർവീസ് നടത്തുന്ന തമിഴ്നാട്, കർണ്ണാടക മുതലായ സംസ്ഥാനങ്ങളിൽ ബസ്സ് ജപ്തി ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നഷ്ടപരിഹാര ഇനത്തിൽ എത്ര തുക ഇനിയും നൽകുവാനുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. യുടെ എത്ര ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് ഉണ്ട് ; ഇല്ലാത്തവ എത്ര ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിന്റെ നഷ്ടപരിഹാരത്തുക നൽകാത്തതുമൂലം കെ. എസ്. ആർ. ടി. സി. യുടെ 67 ബസ്സുകൾ ജപ്തി ചെയ്തിട്ടുണ്ട്. ആലപ്പുഴ-2, കോട്ടയം-9, മലപ്പുറം-17, വടകര-8, മൂവാറ്റുപ്പുഴ-21, പാലക്കാട്-4, കൽപ്പറ്റ-3, സുൽത്താൻബത്തേരി-2, കോഴിക്കോട്-1. നിലവിൽ ഒരു ബസ്സും ജപ്തി ചെയ്യപ്പെട്ട് കിടപ്പില്ല.

LIBRARY ARCHIVES Kerala Legislative Assembly